## ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

**റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്,മ്യൂസിയം, തിരുവനന്തപുരം**

**(ഹാജർ:-എ.റ്റി. ജെയിംസ്, ഐ.എ.എസ്.)**

**നം. എൽ.ആർ.ഇ3-48523/12** **തീയതി: 9/1/2018**

വിഷയം: ജീവനക്കാര്യം - ലാൻഡ് റവന്യൂ വകുപ്പ് - ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് തസ്തിക ഉൾപ്പെടുത്തി ജില്ലകളിലെ എൽ.ഡി.സി./വി.എ. തസ്തികയുടെ അംഗസംഖ്യ പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം-: 1) 4/2/2015ലെ സ.ഉ.(സാധാ) 704/2015/ ആർ.ഡി. നമ്പർ ഉത്തരവ്

2) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 1.2.17ലെ എസ്7-70922/14-ാം നമ്പർ കത്ത്

**************

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വെ ഡയറക്ടറേറ്റ് എന്നീ കാര്യാലയങ്ങളിലെ ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, എൽ.ജി.എസ്. തസ്തികകളിലെ നിയമനം ആസ്ഥാന കാര്യാലയ തസ്തികയായി കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നേരിട്ട് റിപ്പോർട്ട് ചെയ്യാനും അപ്രകാരം ടി ആഫീസുകളിലെ ടി തസ്തികകളിൽ നിയമനം നടത്തുവാനും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വെ ഡയറക്ടറേറ്റ് എന്നീ കാര്യാലയങ്ങളിൽ യഥാക്രമം 54, 18 വീതം ആകെയുള്ള 72 ക്ലാർക്ക് തസ്തികകൾ ആസ്ഥാന കാര്യാലയ തസ്തികകളായി കണക്കാക്കിയും ടി തസ്തികയിലെ ഒഴിവുകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിവരികയും ചെയ്യുന്നു.

ടി ആഫീസുകളിലെ ടി തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ 14 ജില്ലകളിൽ നിന്നും ക്രമപ്രകാരം നിയമന ശിപാർശ നടത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി തസ്തിക ഏതെങ്കിലും ഒരു ജില്ലാ ഭരണത്തിലെ തസ്തികകളായി കണക്കാക്കുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ ആസ്ഥാന കാര്യാലയങ്ങളായി പരിഗണിക്കപ്പെടുന്ന ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വെ ഡയറക്ടറേറ്റ് എന്നീ കാര്യാലയങ്ങളിലെ 72 ക്ലാർക്ക് തസ്തികകൾ 14 ജില്ലകൾക്കുമായി വിഭജിച്ച് ജില്ലകളിലെ നിലവിലുള്ള എൽ.ഡി.സി./വി.എ. തസ്തികയിലെ അംഗസംഖ്യക്കൊപ്പം കൂട്ടിചേർത്ത് കണക്കാക്കുന്നത് ജില്ലകളിലെ ഓഫീസ് അറ്റൻഡന്റ്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരിൽ നിന്നും തസ്തികമാറ്റം വഴി എൽ.ഡി.സി/വി.എ. ആയി നിയമനം നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നതിന് സഹായകരമായിരിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ജില്ലകളിൽ നിലവിലുള്ള എൽ.ഡി.സി./ വി.എ. തസ്തികയുടെ

അംഗസംഖ്യയ്ക്കൊപ്പം താഴെപ്പറയും പ്രകാരമുള്ള എണ്ണം കൂട്ടിചേർത്ത് പുന:ക്രമീകരിക്കുന്നതിന് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | കൂട്ടിചേർക്കുന്ന എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 5 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 6 |
| 8 | തൃശൂർ | 5 |
| 9 | പാലക്കാട് | 5 |
| 10 | മലപ്പുറം | 5 |
| 11 | വയനാട് | 5 |
| 12 | കോഴിക്കോട് | 5 |
| 13 | കണ്ണൂർ | 5 |
| 14 | കാസർഗോഡ് | 5 |
| ആകെ | – | 72 |

മേൽപ്പറഞ്ഞ പ്രകാരം എൽ.ഡി.സി/വി.എ.മാരുടെ ആകെ എണ്ണം പുന:ക്രമീകരിക്കുന്നത് ഓഫീസ് അറ്റൻഡന്റ്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്മാരുടെ ലിസ്റ്റിൽ നിന്നും സീനിയോരിറ്റി പ്രകാരം ബൈ ട്രാൻസ്ഫർ നിയമനം മുഖേന എൽ.ഡി.സി./വി.എ. തസ്തികയിലേക്ക് നിയമിക്കുന്നതിനുള്ള എണ്ണം കണക്കാക്കുക എന്ന പരിമിതമായ ആവശ്യത്തിന് വേണ്ടി മാത്രമായിരിക്കുന്നതും, ജില്ലകളിലെ എൽ.ഡി.സി./വി.എ, യു.ഡി.സി./ എസ്.വി.ഒ. അനുപാതം 1:1 ആയി നിലനിർത്തുന്നത് ഇപ്രകാരം കൂട്ടി ചേർത്ത എണ്ണം ഒഴിവാക്കിയുള്ള സംഖ്യ പ്രകാരവുമായിരിക്കും.

(ഒപ്പ്)
കമ്മീഷണർ

1) എല്ലാ ജില്ലാ കളക്ടർമാർക്കും
2) അഡീഷണൽ ചീഫ് സെക്രട്ടറി
റവന്യൂ(ബി) വകുപ്പ്, തിരുവനന്തപുരം
3) സർവ്വെ ഡയറക്ടർ, വഴുതയ്ക്കാട്
4) സെക്രട്ടറി,ലാൻഡ് ബോർഡ്
5) സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
6) അസിസ്റ്റന്റ് കമ്മീഷണർ
(സീനിയോരിറ്റി സെൽ)/എൽ.ആർ)/ഡി.എം)/ആർ.ഇ)
7) കമ്മീഷണർ/ജോയിന്റ് കമ്മീഷണറുടെ സി.എ
8) ജൂനിയർ സൂപ്രണ്ട്, എൻ.സെക്ഷൻ(എൽ.ഡി. ടൈപ്പിസ്റ്റ്,എൽ.ജി.എസ്. തസ്തികകളിലെ അംഗസംഖ്യ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്
9) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

T1/14/2